**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1828** **29-09-2025 - ൽ മറുപടിയ്ക്ക്**

**ഐ.ച്ച്.ആർ.ഡി. യുടെ നേതൃത്വത്തിൽ നഴ്സിംഗ് കോളേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഐ.ച്ച്.ആർ.ഡി. മുഖേന നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. തൃശ്ശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുടയിൽ ആരംഭിക്കാനുദ്ദേശിക്കുന്ന കോളേജിന് ഇരിഞ്ഞാലക്കുട ജനറൽ ആശുപത്രിയെ മാതൃ ആശുപത്രിയായി അനുവദിച്ചു കൊണ്ട് 25.11.2024 - ലെ സ.ഉ.(കൈ)നം. 359/2024/H&FWD പ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>പത്തനംതിട്ട ജില്ലയിലെ അയിരൂരിൽ നഴ്സിംഗ് കോളേജിന് തിരുവല്ല താലൂക്ക് ആസ്ഥാന ആശുപത്രിയെ മാതൃ ആശുപത്രിയായി അനുവദിച്ചു കൊണ്ട് 04.03.2025 - ലെ സ.ഉ.(കൈ)നം. 78/2025/H&FWD പ്രകാരം ഉത്തരവായിട്ടുണ്ട്. ഒന്നാം ഘട്ടമായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധന നടന്നിട്ടുണ്ട്. |
| (ബി) | എത്ര നഴ്സിംഗ് കോളേജുകൾ ഇതിന്റെ ഭാഗമായി ആരംഭിച്ചിട്ടുണ്ടെന്ന കാര്യം അറിയിക്കാമോ; | (ബി) | രണ്ടു നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. |
| (സി) | ഹരിപ്പാട് മണ്ഡലത്തിൽ ഐ.ച്ച്.ആർ.ഡി.യുടെ നേതൃത്വത്തിൽ നഴ്സിംഗ് കോളേജ് സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | ഹരിപ്പാട് മണ്ഡലത്തിൽ നഴ്സിംഗ് കോളേജ് സ്ഥാപിക്കുന്നതിന് ഐ.എച്ച്.ആർ.ഡി ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കത്ത് നൽകിയിരുന്നു. നിർദ്ദിഷ്ട കോളേജിന്റെ മാതൃ ആശുപത്രിയായി ഹരിപ്പാട് താലൂക്ക് ആശുപത്രിയെ പരിഗണിച്ച് ഐ.എച്ച്.ആർ.ഡി യുടെ നേതൃത്വത്തിൽ നഴ്സിംഗ് കോളേജ് സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ